## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **5591**

27-03-2018 ൽ മറുപടിയ്ക്ക്

# വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വിൻസെന്റ് :<br>ശ്രീ. വി.എസ്.ശിവകുമാർ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന കടൽ ഡ്രഡ്ജിംഗിനുള്ള യന്ത്രങ്ങൾക്ക് ഓഖി ചുഴലിക്കാറ്റ് മൂലം കേടുപാടുകൾ സംഭവിച്ചിരുന്നോ; എങ്കിൽ പ്രസ്തുത കേടുപാടുകൾ തീർത്ത് യന്ത്രങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ ; | (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തികൾക്ക് ഉപയോഗിക്കുന്ന രണ്ട് ഡ്രെഡ്ജറുകൾക്ക് ഓഖി ചുഴലിക്കാറ്റിൽ കേടുപാടുകൾ സംഭവിച്ചിരുന്നു. ഇവയുടെ കേടുപാടുകൾ തീർക്കുന്നതിനുള്ള നടപടികൾ അദാനി കമ്പനി നടത്തിവരുന്നു. |
| (ബി) തുറമുഖ നിർമ്മാണത്തിന് ആവശ്യമായ പാറ പുറത്ത് നിന്നും എത്തിക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; ഇതിനായുള്ള ക്ലിയറൻസ് നൽകിയിട്ടുണ്ടോ ; | (ബി) തിരുവനന്തപുരം ജില്ലയിൽ മതിയായ അളവിൽ പാറ ലഭിക്കാത്തതിനാൽ കൊല്ലം, പത്തനംതിട്ട ജില്ലകളിൽ നിന്നും പാറ കൊണ്ടുവരുന്നതിനുള്ള നടപടികൾ അദാനി കമ്പനി നടത്തിവരുന്നു. തിരുവനന്തപുരം, കൊല്ലം, ജില്ലകളിൽ പാറ ഖനനത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും ആവശ്യമെങ്കിൽ വിഴിഞ്ഞം പ്രോജക്ടിന് ആവശ്യമായ പാറ അദാനി കമ്പനിയുടെ മേൽനോട്ടത്തിൽത്തന്നെ ഖനനം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. തമിഴ് നാട്ടിൽ നിന്നും പാറ കൊണ്ടുവരുന്നതിന് അദാനി കമ്പനി ശ്രമം നടത്തുന്നുണ്ട്. പദ്ധതി പ്രദേശത്തേക്ക് കടൽമാർഗ്ഗം പാറ കൊണ്ടുവരാനാണ് ശ്രമിക്കുന്നത്. ഇതിനായി |

കൊല്ലം ഇറമുഖത്ത് ബെർത്ത് നിർമ്മാണം പൂർത്തിയായി. മുതലപൊഴി മത്സ്യബന്ധന ഇറമുഖത്ത് ബെർത്ത് നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | മേയ് പകുതിയോട് കൂടി മൺസൂൺ ആരംഭിക്കുന്നതി നാൽ ഈ കാലയളവിൽ പ്രസ്തുത ഇറമുഖ നിർമ്മാണം നടത്തുവാൻ കഴിയുകയി ല്ലെന്ന സാഹചര്യം കണക്കി ലെടുത്ത് ഇറമുഖ നിർമ്മാണ ത്തിന് ആവശ്യ മായ സാധനസാമഗ്രികൾ പുറത്ത് നിന്ന് എത്തിക്കുന്നതിന് അടിയന്തര ക്ലിയറൻസ് നൽകുമോ; വ്യക്തമാ ക്കുമോ ? | (സി) | ഇറമുഖ നിർമ്മാണത്തിന് ആവശ്യമായ സാധന സാമഗ്രികൾ പുറത്ത് നിന്ന് എത്തിക്കുന്നതിന് ക്ലിയറൻസ് നൽകേണ്ടതായ സാഹചര്യം ഇതുവരെയു ണ്ടായിട്ടില്ല. ക്ലിയറൻസ് ആവശ്യമെങ്കിൽ ആയത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**